# മെത്രാപ്പോലീത്തായുടെ കത്ത്

**ഡിസംബർ 2016**



കർത്താവിൽ പ്രിയരേ,

"ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!" (സങ്കീ. 133:1) എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ അന്വർത്ഥമാക്കിയ ഒരു അനുഗൃഹീത സമ്മേളനമായിരുന്നു കുവൈറ്റിൽ വച്ച് നടന്ന കുവൈറ്റ് നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിന്റെ 85-ാമത് വാർഷിക ദിനാഘോഷ സമ്മേളനം. ഈ സമ്മേളനത്തിൽ ഔദ്യോഗിക ക്ഷണപ്രകാരം ചെന്ന് പങ്കെടുക്കുവാൻ കഴിഞ്ഞത് ധന്യമായ ഒരു അനുഭവമായിരുന്നു. 85 സംവൽസരങ്ങൾക്കു മുമ്പ് American Reformed Church ന്റെ മിഷനറി ആരംഭം കുറിച്ചതായ ഒരു സെന്ററിലാണ് ഇന്ന് 85 ആരാധനാസമൂഹങ്ങൾ ആരാധന നടത്തുന്നത് എന്ന് ഓർക്കുമ്പോൾ ദൈവനടത്തിപ്പിന്റെ മഹത്വത്തെ ഓർത്ത് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ഈ മഹാസമ്മേളനത്തിൽ അന്ത്യോക്യാ സിംഹാസനത്തിന്റെ മോറോൻ മാർ ഇഗ്നാത്യോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവായും മലങ്കര യാക്കോബായ സുറിയാനി സഭയുടെ അഭിവന്ദ്യ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായും മലങ്കര ക്നാനായ സഭയുടെ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും സന്നിഹിതരായിരുന്നു. നമ്മുടെ സഭ 1963-ൽ ആരംഭിച്ചതായ കുവൈറ്റ് ഇടവകയുടെ 53-ാമത് വാർഷിക ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നല്കാനും പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാനും ഇടയായതിൽ തികഞ്ഞ ചാരിതാർത്ഥ്യം ഉണ്ട്. കൂടുതൽ സൗകര്യപ്രദമായ ഒരു ആരാധനാസ്ഥലം ലഭ്യമാകുന്നതിനുള്ള സാധ്യതകൾ തെളിഞ്ഞുവരുന്നതിൽ സന്തോഷിക്കുന്നു.

കേരളത്തിലേക്കുള്ള മിഷനറിമാരുടെ ആഗമനത്തിന്റെ അനുസ്മരണമായി സി.എസ്.ഐ. മധ്യകേരള മഹാ ഇടവകയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തു വച്ചു നടന്ന ദ്വിശതാബ്ദി സമ്മേളനം ധന്യമായ ഒരു ചരിത്രമുഹൂർത്തമായിരുന്നു. കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ വച്ച് നടന്ന ഈ മഹാ സമ്മേളനത്തിൽ സ്വദേശത്തും വിദേശത്തുമുള്ള സഭാ പിതാക്കന്മാരും ലക്ഷക്കണക്കിനു വരുന്ന വിശ്വാസ സമൂഹവും പങ്കെടുത്ത് ആ സമ്മേളനത്തെ ഒരു അവിസ്മരണീയമായ ഒരു അനുഭവമാക്കി തീർത്തു. സമ്മേളനം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു. കാന്റർബറി ആർച്ച് ബിഷപ്പിന്റെ പ്രതിനിധിയും ആശംസകൾ നേർന്ന് സംസാരിച്ചു. മിഷനറിമാരുടെ ആഗമനത്തിന്റെ സ്മരണകൾ പുതുക്കിയ ഈ സമ്മേളനത്തിൽ പങ്കെടുത്ത് മാർത്തോമ്മാ സഭയുടെ ആശംസകൾ നാം നേരുകയുണ്ടായി. ചരിത്രത്തിന്റെ ഏടുകളിലേക്ക് മടങ്ങി ചെന്ന് ചരിത്രത്തെ വിലയിരുത്താനുള്ള ഒരു അവസരം കൂടിയാണിത്. ഇംഗ്ലണ്ടിൽ നിന്ന് മലങ്കരയിലേക്ക് വന്നതായ ആദ്യ മിഷനറിമാർ മലങ്കര സഭയെ സഹായിക്കാനായി വന്ന ഒരു മിഷനറി സമൂഹമായിരുന്നു. അവർ തങ്ങളുടെ സാക്ഷ്യം സുവിശേഷ തീക്ഷ്ണതയോടുകൂടി, സ്നേഹത്തിന്റെ ആത്മാവിൽ നിർവഹിച്ചു. എന്നാൽ രണ്ടാം ഘട്ടത്തിലെത്തിയ മിഷനറിമാർ മലങ്കര സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുവാനുള്ള ചില ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിന്റെ ഫലമായി മാവേലിക്കര പടിയോല എന്ന ചരിത്രസംഭവത്തിലൂടെ മലങ്കര സഭയും ആംഗ്ലേയ മിഷനറിമാരും തമ്മിലുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടുകയും മിഷനറിമാർ ഈസ്റ്റ് കേരളായിലേക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുകയും ചെയ്തു. അക്കാലത്ത് മലങ്കര സഭയിലെ ഒരു ശെമ്മാശ്ശനായിരുന്ന ഡോ. ജോർജ്ജ് മാത്തൻ ശെമ്മാശ്ശൻ ആംഗ്ലേയ സഭയുടെ ഒരു പട്ടക്കാരനായി സ്ഥാനം സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സതീർഥ്യനായിരുന്ന മാത്യൂസ് ശെമ്മാശൻ ക്ലേശകരമായ ഒരു യാത്ര ചെയ്ത് അന്ത്യോക്യായിൽ പോയി പാത്രിയാർക്കീസ് ബാവായോടുകൂടെ താമസിച്ച് മേൽപട്ടക്കാരനായി അഭിഷേകം ചെയ്യപ്പെട്ട് ഇറാക്കിലെ ഒരു ഭദ്രാസനത്തിന്റെ അധിപനായി കുറെക്കാലം ശുശ്രൂഷ ചെയ്ത ശേഷം നാട്ടിലേക്ക് മടങ്ങി വന്ന് മലങ്കര മെത്രാപ്പോലീത്താ ആയുള്ള രാജകീയ വിളംബരം സ്വീകരിച്ച് പതിമൂന്നാം മാർത്തോമ്മയായി സ്ഥാനം ഏറ്റ ചരിത്രസംഭവം മലങ്കര സഭയുടെ ചരിത്രത്തിലെ ഏറ്റവും ദീപ്തമായ ഒരു ചരിത്രസംഭവമാണ്. എന്നാൽ മാത്യുസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത കാലം ചെയ്ത ശേഷം പിന്തുടർച്ചാവകാശത്തെക്കുറിച്ചുള്ള വ്യവഹാരത്തിൽ ഉണ്ടായ റോയൽ കോർട്ട് വിധി സഭാചരിത്രത്തിൽ ഒരു വഴിത്തിരിവിന് ഇടയാക്കി തീർത്തു. അങ്ങനെ മലങ്കര സഭ മലങ്കര യാക്കോബായ സുറിയാനി സഭ എന്നും മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്നുമുള്ള രണ്ട് കൈവഴികളായി പിരിഞ്ഞു. നമ്മുടെ മാർത്തോമ്മാ സഭയെ സംബന്ധിച്ചിടത്തോളം പലവിധമായ പ്രതിസന്ധികളുടെയും കഷ്ടനഷ്ടങ്ങളുടെയും ഒരു കാലഘട്ടത്തിലൂടെയാണ് ദൈവകൃപയിൽ മാത്രം ശരണപ്പെട്ട് സുവിശേഷസത്യങ്ങളെ മുറുകെ പിടിച്ച് നമ്മുടെ സഭാപിതാക്കന്മാർ സഭയെ നയിച്ചത്. സഭയോടും സഭയുടെ പിതാക്കന്മാരോടും കൂറു പുലർത്തി വിശ്വാസ സത്യങ്ങൾക്കു വേണ്ടി ധീരതയോടെ നിലനിന്ന വിശ്വാസ സമൂഹം സഭയ്ക്ക് എന്നും പ്രാർത്ഥനയുടെ പിൻബലം പകർന്നു. ദൈവം അത്ഭുതകരമായി നമ്മുടെ സഭയെ നടത്തി. ദൈവം നടത്തിയ വഴികളെ ഓർത്ത് നമുക്ക് ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം.

നവംബർ 13-ാം തീയതി ഞായറാഴ്ച സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യാഘോഷ ദിനമായിരുന്നു. നമ്മുടെ പല പള്ളികളിലും സി.എസ്.ഐ. ക്രമത്തിലുള്ള ആരാധനയും സി.എസ്.ഐ. പള്ളികളിൽ നമ്മുടെ ശുശ്രൂഷാ ക്രമം അനുസ

രിച്ചുള്ള ആരാധനയും അന്നേ ദിവസം നടന്നു. ഐക്യത്തിന്റെ ആത്മാവിൽ പുലരുവാനും വളരുവാനും ദൈവം നമ്മെ ശക്തീകരിക്കട്ടെ.

പെരുമ്പാവൂരിലുള്ള MCMAT കോളേജിന് ദേശീയ അടിസ്ഥാനത്തിൽ നടത്തിയ സർവ്വേയിൽ ഏറ്റവും ഉയർന്ന പദവിയായ പ്ലാറ്റിനം പദവി തുടർച്ചയായി മൂന്നാം സംവൽസരത്തിലും ലഭിച്ചത് അഭിമാനകരമായ ഒരു നേട്ടമാണ്. പ്രിൻസിപ്പൽ ഡോ. രാജൻ വർഗ്ഗീസ് സാറിനെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

500 രൂപ, 1000 രൂപ നോട്ടുകളുടെ പിൻവലിക്കലും തുടർ നടപടികളും കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടപ്പോൾ അത് ഇന്ത്യൻ സാമ്പത്തികമേഖലയിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഇനിയും കെട്ടടങ്ങിയിട്ടില്ല എന്നത് ഗുരുതരമായ ഒരു അവസ്ഥാവിശേഷമാണ്. എടുത്ത നടപടികളുടെ ഉദ്ദേശ്യശുദ്ധിയെ ആരും ചോദ്യം ചെയ്യുന്നില്ലാ എങ്കിൽ പോലും വേണ്ടത്ര മുൻ ഒരുക്കങ്ങൾ ഇല്ലാതെ നടപടി എടുത്തതു മൂലം സാധാരണക്കാരുടെ ജീവിതം അരക്ഷിതാവസ്ഥയിലേക്ക് നീങ്ങി എന്നത് ഒരു നഗ്നമായ യാഥാർത്ഥ്യമാണ്. പണ്ട് ആയിരം രൂപാ നോട്ടുകൾ പിൻവലിച്ചതായ ഒരു സംഭവം പലരുടെയും സ്മരണയിൽ ഉണ്ടാകും. അന്ന് ലഭ്യമായിരുന്ന കറൻസിയുടെ 20 ശതമാനത്തിൽ മാത്രം താഴെ മാത്രമായിരുന്നു 1000 രൂപാ നോട്ടുകൾ. ബാക്കി 80 ശതമാനം കറൻസി നോട്ടുകളും ലഭ്യമായിരുന്നതിനാൽ 20 ശതമാനം നോട്ടുകൾ പിൻവലിച്ചപ്പോൾ സാധാരണ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടൊന്നും അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് ലഭ്യമായ കറൻസിയുടെ 86 ശതമാനത്തോളം 1000 രൂപാ നോട്ടുകളും 500 രൂപാ നോട്ടുകളും ആണെന്നാണ് സാമ്പത്തിക വിദഗ്ധരിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് അവ പിൻവലിച്ചപ്പോൾ സാമ്പത്തികമായ ഒരു അരക്ഷിതാവസ്ഥയിലേക്ക് രാജ്യം നീങ്ങേണ്ട ഒരു സാഹചര്യം വന്നു ചേർന്നത്. ഗ്രാമീണ ജനതയ്ക്ക് എക്കാലത്തും താങ്ങും തണലുമായിരിക്കുന്ന സഹകരണ സംഘങ്ങളെപ്പോലും ഇന്ന് ഗുരുതരമായ ഈ പ്രതിസന്ധി അപകടത്തിലാക്കിയിരിക്കുകയാണ്. ഈ ഗുരുതരമായ അവസ്ഥാവിശേഷങ്ങൾക്ക് പരിഹാരം കാണുവാൻ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിന്റെയും കക്ഷികളിൽ തന്നെയുള്ള വിഭാഗീയതകളുടെയും അതിപ്രസരം ഇന്ന് കേരളത്തിൽ വർദ്ധിച്ചുവരുന്നതിൽ എല്ലാ ജനാധിപത്യവിശ്വാസികൾക്കും വളരെയധികം ആശങ്ക ഉണ്ട്. സംസ്ഥാനത്തിന്റെ പൊതു പുരോഗതിയ്ക്കു വേണ്ടി ഒരുമിച്ച് നിൽക്കുവാൻ ഭരണപക്ഷവും പ്രതിപക്ഷവും തയ്യാറാകുമ്പോഴാണ് കേരളത്തിന് സർവ്വതോമുഖമായ ഒരു വളർച്ച സാധ്യമായിത്തീരുന്നത്. ഭരണപക്ഷത്തെ എന്തിനും വിമർശിക്കുന്ന പ്രതിപക്ഷ സമീപനവും പ്രതിപക്ഷത്തിന്റെ വാദഗതികളെ നിഷ്കരണം തള്ളിക്കളഞ്ഞ് ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ മുൻപോട്ടു പോകുന്ന ഭരണപക്ഷ സമീപനവും നാടിന്റെ ക്ഷേമത്തിന് അഭിലഷണീയമല്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യസംവിധാനമുള്ള അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ലോകജനതകളുടെയെല്ലാം ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു. സാമൂഹ്യമാധ്യമങ്ങളെല്ലാം വളരെ വലിയ പ്രാധാന്യവും പ്രചരണവും ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തുകയുണ്ടായി. എന്നാൽ ഭൂരിപക്ഷം മാധ്യമങ്ങളുടെയും വിലയിരുത്തലുകളെയും പ്രവചനങ്ങളെയും തിരുത്തിക്കുറിച്ചുകൊണ്ടാണ് അമേരിക്കൻ ജനത അവരുടെ വോട്ടവകാശം രേഖപ്പെടുത്തിയത് എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്.

മുൻകാലങ്ങളിൽ ഏറ്റവും അന്തസ്സോടെയും ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ മുറുകെ പിടിച്ചും നടന്നുവന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രചരണം ഈ കാലഘട്ടം എത്തിയപ്പോൾ വ്യക്തിഹത്യയുടെയും അപവാദവ്യവസായത്തിന്റെയും ഒരു സംയുക്ത അരങ്ങേറ്റമായി മാറി എന്നത് വേദനാജനകമായ ഒരു അനുഭവമായിരുന്നു. ഇന്ന് പല രാഷ്ട്രങ്ങളിലും ഇത്തരത്തിലുള്ള പ്രവണതകൾ വർദ്ധിച്ചു വരുന്നു എന്നത് ആശങ്കാജനകമാണ്. ഇത്തരം വില കുറഞ്ഞ, നില മറന്ന പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തുവാൻ ലോക മനസ്സാക്ഷി ഉണരേണ്ടിയിരിക്കുന്നു.

നമ്മുടെ സഭയിലെ പട്ടക്കാരുടെ വാർഷിക സമ്മേളനം നവംബർ 22 മുതൽ 25 വരെ ചരൽക്കുന്നിൽ വച്ച് വളരെ ക്രമീകൃതമായ രീതിയിൽ നടന്നു. നമ്മുടെ സഭയിലെ തന്നെ സീനിയർ പട്ടക്കാരും യുവ പട്ടക്കാരും പല സെഷനുകൾക്കും നേതൃത്വം നല്കിയ ഒരു സമ്മേളനമായിരുന്നു ഇതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പട്ടത്വ ശുശ്രൂഷ പുതുദർശനത്തോടും പുതു സമർപ്പണത്തോടും കൂടി പൂർവ്വാധികം ശുഷ്കാന്തിയോടുകൂടി നിർവ്വഹിക്കുവാൻ ഈ സമ്മേളനം ഏറെ പ്രയോജനപ്പെട്ടു എന്ന് കരുതുന്നു. സമ്മേളനക്രമീകരണങ്ങൾക്കും വിവിധ സമ്മേളനങ്ങൾക്കും നേതൃത്വം നല്കിയ ഏവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

മോറോനായ പെരുന്നാളുകളുടെ ആദ്യഘട്ടത്തിലേക്ക് നാം പ്രവേശിക്കുന്നു. ഇരുപത്തിയഞ്ച് നോമ്പ് ആരംഭിക്കുകയാണ്. നോമ്പു ദിനങ്ങൾ ആത്മതപനത്തിന്റെയും ആത്മീയോൽക്കർഷത്തിന്റെയും നാളുകളായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഡിസംബർ 4 ഞായറാഴ്ച നാം ധ്യാനിക്കുന്നത് യോഹന്നാൻ സ്നാപകന്റെ ജനനവുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ചാണ്. സെഖര്യാവിന്റെ പ്രാർത്ഥനയ്ക്കുള്ള ഉത്തരം അറിയിക്കാനാണ് ദൂതൻ കർത്താവിന്റെ മന്ദിരത്തിൽ സെഖര്യാവിന് പ്രത്യക്ഷനായത്. എന്നാൽ സെഖര്യാവ് ആ അരുളപ്പാടിനെയും ഉത്തരത്തെയും ഹൃദയപൂർവം സ്വീകരിക്കാതെ അടയാളം ചോദിക്കുകയാണ് ചെയ്തത്. എന്നാൽ ദൂതൻ അറിയിച്ച സദ്വർത്തമാനം വിശ്വസിക്കാതിരുന്നതുകൊണ്ട് സെഖര്യാവ് ദൂതനറിയിച്ചതുപോലെ മൗനിയായി മാറുകയാണുണ്ടായത്. കുഞ്ഞിന്റെ ജനനശേഷം ദൈവദൂതൻ അറിയിച്ചതുപോലെ തന്നെ കുഞ്ഞിന് യോഹന്നാൻ എന്ന പേരിടുന്ന നിമിഷം വരെയും ആ മൗനം നീണ്ടു നിന്നു. ഡിസംബർ 4 ഞായറാഴ്ച വേദപുസ്തകദിനമായും നാം ആചരിക്കുന്നു. 'ദൈവവചനം: ഇരുവായ്ത്തലയുള്ള വാൾ' എന്ന ചിന്താവിഷയവും അന്നത്തെ ധ്യാനവിഷയമാണ്. ദൈവത്തിന്റെ വചനം രൂപപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതുമായ വചനമാണ്. ആദിമസഭയിൽ വചനം എവിടെയെല്ലാം പ്രഘോഷിക്കപ്പെട്ടോ അവിടെയെല്ലാമാണ് സഭയ്ക്ക് വളർച്ച ഉണ്ടായത് എന്ന് അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകം സാക്ഷ്യ

പ്പെടുത്തുന്നു. ഇന്നും ഇതൊരു യാഥാർത്ഥ്യമാണ്. വേദപുസ്തക പ്രസിദ്ധീകരണവും വിതരണവുമായി ബന്ധപ്പെട്ട് ബൈബിൾ സൊസൈറ്റി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. വചനത്തിന്റെ വാഹകരായും സന്ദേശകരായും സാക്ഷ്യത്തിൽ വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഡിസംബർ 11-ാം തീയതി ഞായറാഴ്ച യോസേഫിനോടുള്ള അറിയിപ്പിനെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. കർത്താവിന്റെ ദൂതൻ അറിയിച്ചത് ദൈവത്തിന്റെ അറിയിപ്പായി ഉൾക്കൊണ്ട് ദൈവഹിതത്തോട് ചേർന്ന് നിന്ന് ദൈവം പറഞ്ഞതുപോലെ മറിയയെ ചേർത്തുകൊള്ളുവാൻ യോസഫ് തയ്യാറായപ്പോൾ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ യോസെഫ് ഒരു നിർണ്ണായകമായ പങ്കാളിത്തം വഹിക്കുകയായിരുന്നു. യോസേഫിനെയും മറിയയെയും ദൈവം ഒരുമിപ്പിച്ചവരാണ്. അവർ രണ്ടുപേരും ദൈവപുത്രനെ വളർത്തുവാനുള്ള വലിയ ഉത്തരവാദിത്വത്തിൽ എല്ലാ പ്രതിസന്ധികളെയും അഭിമുഖീകരിച്ചുകൊണ്ടു തന്നെ ഒരുമിച്ച് നിന്നു. ഇന്ന് കുടുംബ ബന്ധങ്ങളിൽ വലിയ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷം നാം പലയിടത്തും കാണുന്നു. മാതൃകാപരമായ കുടുംബ ജീവിതത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയായി നസ്രേത്ത് കുടുംബത്തിന്റെ മാതൃക എക്കാലത്തും സ്വീകരിക്കപ്പെടേണ്ടതാണ്.

ഡിസംബർ 18-ാം തീയതി ഞായറാഴ്ച 'നമ്മുടെ കർത്താവ് വരുന്നു' എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. യോഹന്നാൻ 1:1-14 വരെയുള്ള ഭാഗത്ത് "അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" എന്ന് വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തുമ്പോൾ സ്രഷ്ടാവിനെ തള്ളിക്കളഞ്ഞ സൃഷ്ടിയുടെ പാപപങ്കിലമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നത്. ഇന്നും ക്രിസ്തുവിനെ തള്ളിപ്പറയുന്നവരും തള്ളിക്കളയുന്നവരും ഈ ലോകത്തിലുണ്ട്. എന്നാൽ ഇവരുടെയെല്ലാം മധ്യത്തിൽ യേശുവിൽ നമ്മുടെ രക്ഷകനെ കണ്ടെത്തി പ്രഖ്യാപിക്കുവാൻ നാം തയ്യാറാകുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്തീയ സാക്ഷിയായി മാറുന്നത്.

ഡിസംബർ 21-ാം തീയതി മാർത്തോമ്മാ സഭാദിനമാണ്. ഭാരതത്തിൽ സുവിശേഷത്തിന്റെ ദീപശിഖയുമായി കടന്നുവന്ന് തന്റെ ജീവൻ പോലും നൽകി തന്റെ സാക്ഷ്യത്തെ ജ്വലിപ്പിച്ച ഭാരതത്തിന്റെ അപ്പൊസ്തലനായ വിശുദ്ധ തോമാശ്ലീഹായുടെ മഹാത്യാഗത്തെയും സാക്ഷ്യത്തെയും നാം അനുസ്മരിക്കുന്ന ദിനമാണ് അന്ന്. വിശുദ്ധ തോമാശ്ലീഹായുടെ 'എന്റെ കർത്താവും എന്റെ ദൈവവുമെ' എന്ന വിശ്വാസ സാക്ഷ്യത്തിലേക്ക് വളരുവാൻ നമ്മുടെ പ്രതിജ്ഞയും സമർപ്പണവും പുതുക്കേണ്ട ഒരു ദിനമായി മാർത്തോമ്മാ സഭാദിനം തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഡിസംബർ 25 ഞായർ ക്രിസ്മസ് ദിനമാണ്. 'യൽദൊ-ഉദയം' നാം ധ്യാനിക്കുന്നു. ഒരു മനുഷ്യശിശുവായി പിറന്ന് പുൽക്കൂട്ടിൽ ശീലകളിൽ ചുറ്റി കിടത്തപ്പെട്ട ആ കുഞ്ഞിൽ നമുക്ക് ദൈവത്തിന്റെ സമ്പൂർണ്ണ തേജസ് ദർശിക്കുവാൻ കഴിയണം. ദൈവത്തിന്റെ മനുഷ്യമുഖമാണ് നാം ആ കുഞ്ഞിൽ ദർശിക്കുന്നത്. ദയാപരനായ ദൈവത്തെ ക്രിസ്തു ലോകത്തിന് വെളിപ്പെടുത്തി. സൂര്യൻ നമുക്ക് വെളിച്ചം നല്കുമെങ്കിലും ഉഗ്രമായ ചൂടും സൂര്യൻ നല്കിക്കൊണ്ടിരിക്കും. എന്നാൽ സൂര്യപ്രകാശം ചന്ദ്രനിൽ തട്ടി ചന്ദ്രൻ രാത്രിയിൽ ഭൂമിക്ക് വെളിച്ചം നല്കുമ്പോൾ ചന്ദ്രന്റെ ആ പ്രകാശത്തിന് ചൂടില്ല എന്ന് മാത്രമല്ല, അവ ശീതള കിരണങ്ങളായാണ് നമുക്ക് അനുഭവപ്പെടുന്നത്. ചന്ദ്രികയ്ക്കും വെളിച്ചമുണ്ട്. അതേസമയം കുളിർമയുമുണ്ട്. യേശുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹം ദൈവകൃപയുടെ കുളിർമയാണ് മനുഷ്യവർഗ്ഗത്തിന് നല്കുന്നത്. പാപം ചെയ്ത ആദിമാതാപിതാക്കൾ ദൈവത്തിൽ നിന്നും മറഞ്ഞിരിക്കാൻ ഒളിവിടങ്ങൾ തേടിയവരാണ്. ഏദൻ തോട്ടത്തിൽ ദൈവം അവരെ വിളിക്കുമ്പോൾ അവർ മറഞ്ഞിരിക്കുവാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സക്കായി എന്ന ചുങ്കക്കാരിൽ പ്രമാണി അത്തിവൃക്ഷത്തിൽ കയറി മറഞ്ഞിരുന്ന് യേശുവിനെ കാണാൻ ശ്രമിച്ച ഒരാളാണ്. എന്നാൽ കർത്താവ് ആ ഒളിവിടത്തിൽ നിന്നും സക്കായിയെ വിളിച്ചിറക്കി സക്കായിയുടെ ഭവനത്തിലേക്ക് യാത്രയാകുന്ന രംഗം യഥാർത്ഥത്തിലുള്ള ഒരു ക്രിസ്മസ് അനുഭവത്തെയാണ് കാണിക്കുന്നത്. ക്രിസ്തു സക്കായിയിലും സക്കായിയുടെ ഭവനത്തിലും ജനിക്കുകയായിരുന്നു. ഈ ക്രിസ്മസ് അനുഭവം നമുക്കും ഒരു യാഥാർത്ഥ്യമായിത്തീരണം. ദൈവം സൃഷ്ടിച്ച പ്രകൃതി ദൈവത്തിന്റെ വെളിപാടുകളുടെ വലിയ പുസ്തകമാണ്. ഈ പ്രകൃതിയിലും ദൈവത്തിന്റെ വെളിപ്പാടുകൾ കാണുവാൻ നമുക്ക് കഴിയണം-വിദ്വാന്മാർ പുതുതായി ഉദിച്ച നക്ഷത്രത്തിൽ ഒരു രാജാവിന്റെ ജനനം ദർശിച്ചതുപോലെ. ഭാഗ്യസ്മരണീയനായ ഡോ. യൂഹാനോനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ഒരു ആത്മസ്നേഹിതനായിരുന്നു ശ്രീ. ഏബ്രഹാം ഈപ്പൻ പാലാമ്പടം (പാലാമ്പടം അവറാച്ചൻ). അവറാച്ചന്റെ ഭവനത്തിൽ തിരുമേനി താമസിച്ച ഒരു അവസരത്തിൽ ഒരു പ്രഭാതത്തിൽ അവറാച്ചൻ എഴുന്നേറ്റ് നോക്കുമ്പോൾ തിരുമേനി കിടപ്പുമുറിയിൽ ഇല്ല. തിരുമേനി ആ അതിരാവിലെ സമയം മഞ്ഞുതുള്ളികൾ മുത്തുമണികൾപോലെ തിളങ്ങുന്ന ഒരു റോസാപ്പൂവിന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് മുറ്റത്ത് നില്ക്കുകയായിരുന്നു. അവറാച്ചൻ മുറ്റത്തേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ തിരുമേനി ചോദിച്ചു. "അവറാച്ചൻ ദൈവത്തെ കണ്ടിട്ടുണ്ടോ"? അവറാച്ചൻ എന്തു പറയണമെന്ന് അറിയാതെ നിൽക്കുമ്പോൾ തിരുമേനി അവറാച്ചനോട് പറഞ്ഞു-"ഞാൻ അവറാച്ചന് ദൈവത്തെ കാണിച്ചു തരാം. ഈ പൂവിലേക്ക് നോക്കൂ. ദൈവത്തെ ഇതിൽ കാണാം". ഒരു വലിയ ദർശനത്തിലേക്കാണ് തിരുമേനി അവറാച്ചനെ നയിച്ചത്. ഇങ്ങനെ ദൈവം സൃഷ്ടിച്ച ലോകത്തിൽ ദൈവത്തിന്റെ വെളിപ്പാടുകൾ കാണുവാനും കേൾക്കുവാനും കഴിയണമെങ്കിൽ ക്രിസ്തു നമ്മിൽ ജനിക്കണം. ഈ ധന്യതയിലേക്ക് വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. '

'അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ. 1:16).

ഈ കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
25-11-2016

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**